**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 218** **22-01-2021 - ൽ മറുപടിയ്ക്ക്**

**പക്ഷിപ്പനി വ്യാപനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീമതി ഷാനിമോൾ ഉസ്മാൻ ,<br>ശ്രീ . എം . വിൻസെൻറ് ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | Shri. K Raju<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | കൊറോണ വ്യാപനം രൂക്ഷമാകുന്നതിനിടയിൽ സംസ്ഥാനത്ത് വീണ്ടും പക്ഷിപ്പനി വ്യാപനമുണ്ടായത് ആ മേഖലകളിൽ പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ടോ; | (എ) | പ്രതിസന്ധി സൃഷ്ടിച്ചിട്ടില്ല. സംസ്ഥാനത്ത് ആലപ്പുഴ (തലവടി, തകഴി, പള്ളിപ്പാട്, കരുവാറ്റ) കോട്ടയം (നീണ്ടൂർ) ജില്ലകളിലാണ് 04/01/2021ന് പക്ഷിപ്പനി സ്ഥിരീകരിച്ചത്. മൃഗസംരക്ഷണ വകുപ്പ്, തദ്ദേശ സ്വയംഭരണം, റവന്യൂ, ആരോഗ്യം, പോലീസ് എന്നീ വകുപ്പുകളുമായി ചേർന്നുകൊണ്ട് യുദ്ധകാലാടിസ്ഥാനത്തിൽ പ്രതിരോധ നടപടികൾ സ്വീകരിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ രോഗത്തിന്റെ പ്രഭവ കേന്ദ്രത്തിൽ നിന്നും 1 കി.മീ. ചുറ്റളവിലുള്ള മുഴുവൻ പക്ഷികളെയും, മുട്ട, തീറ്റ എന്നിവയേയും ശാസ്ത്രീയമായി നശിപ്പിക്കുകയും ചെയ്തു. 08/01/2021ന് പ്രസ്തുത നടപടികൾ പൂർത്തിയാക്കി, അണുനശീകരണം നടത്തി കേന്ദ്ര സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. വകുപ്പിന്റെ സമയോചിതമായ ഇടപെടൽ മൂലം താറാവ് ഇറച്ചി, കോഴിയിറച്ചി, മുട്ട എന്നിവയുടെ വിലയിൽ കാര്യമായ വിലയിടിവ് വന്നിട്ടില്ല. കൂടാതെ, സംസ്ഥാനത്തിനു പുറത്ത് നിന്നും സംസ്ഥാനത്തേക്ക് വരുന്ന മുട്ട, ഇറച്ചിക്കോഴി എന്നിവയ്ക്ക് സംസ്ഥാന അതിർത്തിയിൽ യാതൊരു നിയന്ത്രണവും ഏർപ്പടുത്തിയിരുന്നുമില്ല. ആയതിനാൽ 5 ദിവസം കൊണ്ട് നടപടികൾ പൂർത്തിയാക്കി സമയബന്ധിതമായി രോഗം നിയന്ത്രിക്കാൻ സാധിച്ചതിനാൽ ഈ മേഖലയിൽ പ്രതിസന്ധി സൃഷ്ടിച്ചിട്ടില്ല. |
| (ബി) | ഏതൊക്കെ ജില്ലകളിലാണ് ഇതിനകം പക്ഷിപ്പനി വ്യാപനം കണ്ടെത്തിയതെന്നറിയിക്കാമോ; | (ബി) | ആലപ്പുഴ ജില്ലയിലെ തലവടി(നെടുമുടി), കരുവാറ്റ, പള്ളിപ്പാട്, തകഴി എന്നീ സ്ഥലങ്ങളിലും കോട്ടയം ജില്ലയിലെ നീണ്ടൂരിലുമാണ് പക്ഷിപ്പനി സ്ഥിരീകരിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | പക്ഷിപ്പനി വ്യാപനം കൂടുതൽ രൂക്ഷമാകുന്നത് തടയുന്നതിനും അത് മനുഷ്യരിലേക്ക് പകരുന്നത് തടയുന്നതിനും ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നറിയിക്കാമോ; | (സി) | പക്ഷിപ്പനി വ്യാപനം ഫലപ്രദമായി തടയുന്നതിന് കേന്ദ്രസർക്കാരിന്റെ പക്ഷിപ്പനി നിയന്ത്രണവുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശ പ്രകാരം, പ്രഭവ കേന്ദ്രത്തിൽ നിന്നും 1 കി.മീ. ചുറ്റളവിലുള്ള മുഴുവൻ പക്ഷികളെയും, മുട്ട, തീറ്റ എന്നിവയെയും ശാസ്ത്രീയമായി നശിപ്പിക്കുകയുണ്ടായി. 08/01/2021ന് പ്രസ്തുത നടപടികൾ പൂർത്തിയാക്കി അണുനശീകരണം നടത്തിയിട്ടുമുണ്ട്. ഇതു കൂടാതെ സംസ്ഥാനത്ത് എല്ലാ ജില്ലകളിലും കൺട്രോൾ റൂം തുറക്കുകയും രോഗനിരീക്ഷണവും, പ്രതിരോധ പ്രവർത്തനങ്ങളും ഫലപ്രദമായി നടത്തുകയും ചെയ്തിട്ടുണ്ട്. പക്ഷിപ്പനിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ സംസ്ഥാന തലത്തിലും ജില്ലാതലത്തിലും മൃഗസംരക്ഷണ വകുപ്പ് ആരോഗ്യ വകുപ്പുമായി ചേർന്നാണ് ഈ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളത്. പക്ഷിപ്പനിയുമായി ബന്ധപ്പെട്ട രോഗപ്രതിരോധ പ്രവർത്തനങ്ങളും മുൻകരുതലുകളും സംബന്ധിച്ച ബോധവത്കരണ പ്രചരണ പരിപാടികൾ മൃഗസംരക്ഷണ വകുപ്പ് പബ്ലിക് റിലേഷൻസ് വകുപ്പുമായി ചേർന്ന് നടത്തുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട ബോധവത്കരണം വിപുലമായ രീതിയിൽ ഈ കാലയളവിൽ അച്ചടി-ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലൂടെ സംസ്ഥാനത്തുടനീളം നടത്തുകയുണ്ടായി. |
| (ഡി) | പക്ഷിപ്പനി സംസ്ഥാന ദുരന്തമായി പ്രഖ്യാപിച്ചിട്ടുണ്ടോയെന്നും ഇതിലൂടെ കർഷകർക്ക് ലഭിക്കുന്ന ആശ്വാസ നടപടികൾ എന്തൊക്കെയാണെന്നും ആശ്വാസ ധനസഹായം കാലതാമസം കൂടാതെ നൽകുന്നതിന് നിർദ്ദേശം നൽകുമോയെന്നും വ്യക്തമാക്കുമോ? | (ഡി) | പക്ഷിപ്പനി സംസ്ഥാന ദുരന്തമായി പ്രഖ്യാപിച്ചിട്ടില്ല. എന്നാൽ പക്ഷിപ്പനി മൂലം മരണപ്പെട്ട പക്ഷികളുടെയും കള്ളിംഗ് നടപടി മൂലം നശിപ്പിച്ച പക്ഷികളുടെയും ഉടമസ്ഥർക്ക് നഷ്ടപരിഹാരം നൽകുന്നതിന് സംസ്ഥാന സർക്കാർ സ. ഉ. (സാധാ) നം. 9/2021/എ.എച്ച്.ഡി. തീയതി 07/01/2021 പ്രകാരം ഉത്തരവായിട്ടുണ്ട്. ആയതിൻപ്രകാരം പക്ഷിപ്പനിയുമായി ബന്ധപ്പെട്ട് മരണപ്പെട്ടവയ്ക്കും കൾ ചെയ്ത പക്ഷികൾക്കും 2 മാസത്തിലധികം പ്രായമായ പക്ഷി ഒന്നിന് 200 രൂപ, 2 മാസത്തിൽ താഴെയുള്ള പക്ഷി ഒന്നിന് 100 രൂപ എന്ന നിരക്കിലും നശിപ്പിച്ച മുട്ട ഒന്നിന് 5 രൂപ നിരക്കിലുമാണ് നഷ്ടപരിഹാരം നൽകുക. നഷ്ടപരിഹാരം നൽകുന്നതിനാവശ്യമായ തുക മൃഗസംരക്ഷണ വകുപ്പിന്റെ ജന്തുരോഗ നിയന്ത്രണ പദ്ധതിയുടെ കോർപ്പസ് ഫണ്ടിൽ നിന്നും അടിയന്തിരമായി ചെലവഴിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. നഷ്ടപരിഹാര വിതരണം ത്വരിതഗതിയിൽ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ